**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5226** **04-07-2024 - ൽ മറുപടിയ്ക്ക്**

**എന്റെ ഭൂമി ഡിജിറ്റൽ സർവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായി സമഗ്ര ഭൂരേഖ തയ്യാറാക്കുന്നതിനായി ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ സർവേ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഏതൊക്കെ വില്ലേജികളിലെ ഡിജിറ്റൽ സർവേയാണ് പൂർത്തിയാക്കിട്ടുള്ളത്; വിശദമാക്കാമോ? | (എ) | എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ അഴീക്കോട് സൗത്ത്, വളപട്ടണം, കണിച്ചാർ, തലശ്ശേരി, കോട്ടയം, പുഴാതി, പള്ളിക്കുന്ന്, കണ്ണൂർ-2, ആറളം, ചാവശ്ശേരി, എളയാവൂർ, കണ്ണൂർ-1, വിളമന, കരിക്കോട്ടക്കരി, കീഴൂർ, കീഴല്ലൂർ എന്നീ വില്ലേജുകളുടെ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനുള്ള പ്രദർശനം നടന്നുവരുന്നു. ഭൂവുടമകൾ റിക്കാർഡുകൾ പരിശോധിച്ച ശേഷം ആക്ഷേപമുള്ളതിന് പരാതികൾ സമർപ്പിക്കുമ്പോൾ ആയത് പരിഹരിച്ച് കൃത്യത ഉറപ്പുവരുത്തിയ ശേഷം റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്. |

സെക്ഷൻ ഓഫീസർ